പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 286 07.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ ഓൺലൈൻ റിസർവേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>" പി.ടി. തോമസ്<br>" കെ.മുരളീധരൻ<br>" കെ.എസ്.ശബരീനാഥൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ ഓണക്കാലത്ത് കെ.എസ്.ആർ.ടി.സി. യുടെ ഓൺ ലൈൻ റിസർവേഷൻ സംവിധാനം തകരാറിലായതിനെക്കുറിച്ച് അന്വേഷണം നടത്തിയോ; വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഓൺലൈൻ റിസർവേഷൻ സംവിധാനം പൂർണ്ണമായി നടപ്പിലാക്കി പരിപാലിക്കുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ M/s.കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് കെൽട്രോണിനോട് വിശദീകരണം ആവശ്യപ്പെടുകയും കെൽട്രോൺ വിശദീകരണം ലഭ്യമാക്കിയിട്ടുമുണ്ട്. 17.09.2016-ൽ ടി സംവിധാനം ഉദ്ദേശം 15.45 മണിക്ക് തകരാറിലാവുകയും 21.45 മണിയോടുകൂടി തകരാർ പരിഹരിക്കുകയുമുണ്ടായി. ഓണത്തോട് അനുബന്ധിച്ച് നിയന്ത്രണാതീതമായ search/booking ഉണ്ടായിരുന്നതിനാൽ ഒരേ സമയം ഉപയോഗിക്കുന്നവരുടെ എണ്ണം ക്രമാതീതമായി കൂടിയെന്നും അത് കെ.എസ്.ആർ.ടി.സി.യുടെ സോഫ്റ്റ്‌വെയർ ഹോസ്റ്റ് ചെയ്തിരുന്ന സെർവർ കപ്പാസിറ്റിയെക്കാൾ കൂടുതൽ ആയിരുന്നു എന്നും കെൽട്രോൺ അറിയിക്കുകയുണ്ടായി. പ്രസ്തുത വിഷയം അടിയന്തിരമായി പരിഹരിക്കുന്നതിനായി കൂടുതൽ കപ്പാസിറ്റിയുള്ള സെർവറിലേയ്ക്ക് ഡാറ്റ, സോഫ്റ്റ് വെയർ എന്നിവ മാറ്റുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ ഇതുമൂലം എന്ത് നഷ്ടമാണ് സംഭവിച്ചതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഓൺലൈൻ റിസർവേഷൻ സംവിധാനം തകരാറിലായതുമായി ബന്ധപ്പെട്ടുള്ള വരുമാനനഷ്ടം കൃത്യമായി കണക്കാക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും കെ.എസ്. ആർ.ടി.സി.യ്ക്ക് പ്രസ്തുത ദിവസം ഉദ്ദേശം 12,64,296/- രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായും, പ്രസ്തുത നഷ്ടം അടുത്ത മാസത്തെ ബില്ലിൽ നിന്നും ഈടാക്കുന്നതാണ് എന്ന് വ്യക്തമാക്കുന്ന കത്ത് 20.09.2016-ൽ കെൽട്രോൺ മാനേജിംഗ് ഡയറക്ടർക്ക് നൽകുകയുണ്ടായി. |
| (സി) | സ്വകാര്യബസ് ലോബിയെ സഹായിക്കാനായി ഓൺലൈൻ റിസർവേഷൻ സംവിധാനം തകരാറിലാക്കിയെന്ന ആരോപണം വസ്തുതാപരമാണോ; ആണെങ്കിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | ഓൺലൈൻ റിസർവേഷൻ സംവിധാനം സംബന്ധിച്ച് പരിശോധന നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ